കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമ പഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 10 - ഓഡിറ്റ് തടസ്സത്തിനാധാരമായ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ)നം.1997/2016/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി 27/06/2016

---

പരാമർശം : 1. തിരുവാലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 15.12.2014 – തിയതിയിലെ എ 2-4326/14(2) നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 11.11.2015 – തിയതിയിലെ എം3/36215/15 നമ്പർ കത്ത്

3. കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 18.03.2016 – തിയതിയിലെ കെ.എസ്.എ-14129/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

നിലവിലുള്ള സർക്കാർ നിയമങ്ങൾക്ക് വിധേയമായി ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി ആളെ നിയമിക്കുന്നതിന് പകരം ദിവസക്കൂലിക്ക് ആളെ മാസങ്ങളോളം നിയമിച്ചത് ക്രമപ്രകാരമല്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 12,300 രൂപാ (പന്ത്രണ്ടായിരത്തി മുന്നൂറ് രൂപാ മാത്രം) മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമ പഞ്ചായത്തിന്റെ 1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 10 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. നിയമനം ആവശ്യപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്കു കത്ത് നൽകിയാൽ കാലതാമസമെടുക്കുമെന്നതിനാലും ആറു മാസത്തിനു ശേഷം ഒരാളെ മാറ്റി പകരം മറ്റൊരാളെ നിയമിച്ചാൽ ജോലി പഠിച്ചെടുക്കുവാൻ ടിയാൾ എടുക്കുന്ന കാലതാമസം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാലുമാണ് ഇത്തരത്തിൽ നിയമനം നൽകിയതെന്നും ആയതിനാൽ ഓഡിറ്റ് തടസ്സവാദം ഒഴിവാക്കി 12,300 രൂപാ (പന്ത്രണ്ടായിരത്തി മുന്നൂറ് രൂപാ മാത്രം) ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകണമെന്നും സൂചന ഒന്ന് കത്ത് പ്രകാരം തിരുവാലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മറുപടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ

തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം മൂന്ന് ,കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമ പഞ്ചായത്ത് ദിവസക്കൂലിക്ക് ആളെ മാസങ്ങളോളം നിയമിച്ച ഇനത്തിൽ ചെലവഴിച്ച 12,300 രൂപാ (പന്ത്രണ്ടായിരത്തി മൂന്നൂറ് രൂപാ മാത്രം ) യുടെ ചെലവിന് ഗ്രാമ പഞ്ചായത്തിന്റെ ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ (1998-1999 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 10 പ്രകാരം തടസ്സപ്പെടുത്തിയിരുന്നത്) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സിദ്ധാർത്ഥൻ.എസ്.
ഡെപ്യൂട്ടിസെക്രട്ടറി.

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, തിരുവാലി ഗ്രാമ പഞ്ചായത്ത്, മലപ്പുറം
വെബ് ആന്റ് ന്യൂ മീഡിയാ ഡിവിഷൻ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയറ്റ്, തിരുവനന്തപുരം (കേരളാ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ